"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-പീരുമേട് സോഷ്യൽ ഫോറസ്ട്രി റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ച് വരവേ അന്തരിച്ച ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. റ്റിറ്റോ മാത്യുവിന് ശൂന്യവേതനാവധി അനുവദിച്ച് നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.403/2023/F&WLD തീയതി,തിരുവനന്തപുരം, 25-10-2023.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 15.08.2023 ലെ ഇ7-4905/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിക്കവേ അന്തരിച്ച റിറ്റോ മാത്യുവിന് 05.12.2019 മുതൽ 14.06.2020 വരെ 194 ദിവസത്തേയ്ക്കും, 01.07.2020 മുതൽ 14.03.2021 വരെ 257 ദിവസത്തേയ്ക്കും മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ പരിഗണിച്ച്, ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ അന്തരിച്ച റിറ്റോ മാത്യുവിന്റെ 05.12.2019 മുതൽ 14.06.2020 വരെയുള്ള കാലയളവും ( 193 ദിവസം ), 01.07.2020 മുതൽ 14.03.2021 വരെയുള്ള കാലയളവും (257 ദിവസം), ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതന അവധിയും, 15.06.2020 ലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ അന്നേ ദിവസത്തേയ്ക്ക് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ശൂന്യവേതനാവധിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

ശ്രീമതി. ഡെസ്സിമോൾ.എ.വി. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്( 09.10.2023 ലെ 2080194/അഗ്രി-എ1/131/2022-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 25-10-2023 13:01:33